(എ&ബി) പല കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയ വ്യവസായ സഹകരണസംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സഹായകരമായ പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ വ്യവസായവകുപ്പ് സ്വീകരിക്കുന്നുണ്ട്. കൂടാതെ ഇത്തരം സഹകരണസംഘങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾക്ക് ഒത്താശ ചെയ്തു കൊടുക്കുന്നുമുണ്ട്.

ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രാക്കപ്പലുകളുടേയും ചരക്കുകപ്പലുകളുടേയും സർവ്വീസ് ആരംഭിക്കുന്നതിന് നടപടി

13 (*253) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രാക്കപ്പലുകളുടേയും ചരക്ക് കപ്പലുകളുടേയും സർവ്വീസ് ആരംഭിക്കുന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഇത്തരം സർവ്വീസുകൾ ലാഭകരമായി നടത്താൻ കഴിയുമോ ;

(സി) ഇത്തരം സർവ്വീസുകൾ ആരംഭിക്കുന്നതിനെപ്പറ്റി പഠനങ്ങളൊന്നും നടത്താത്തപക്ഷം അതിനുള്ള ഏർപ്പാടുണ്ടാക്കുമോ എന്ന് വ്യക്തമാക്കുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനെക്കുറിച്ചുള്ള സാദ്ധ്യതാപഠനം കേരളാ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനും ചരക്കു ഗതാഗതം നടത്തുന്നതിനെക്കുറിച്ച് നാറ്റ്പാക് വഴിയും കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റും നടത്തിയിട്ടുണ്ട്.

(ബി) ഇപ്പോൾ പറയാൻ നിർവ്വാഹമില്ല. സർവ്വീസ് നടത്തുന്ന മുറയ്ക്കേ ലാഭകരമാണോ എന്ന് അറിയാൻ കഴിയൂ.

(സി) ചോദ്യം ഉദിക്കുന്നില്ല.

എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ട്

14 (*254) ശ്രീ. പി. നാരായണൻ:
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ പുന:സംഘടനയ്ക്കായി കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly